നം: എ4/2301/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി : 09.06.2015

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

എൻ.രമാകാന്തൻ,
അസോസിയേറ്റ് പ്രൊഫസർ,
മഹാരാജാസ് കോളേജ്,
എറണാകുളം.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – പൊതുസ്ഥലം മാറ്റ ഉത്തരവ് 2015-2016 താങ്കളുടെ പരാതി - സംബന്ധിച്ച്.

സൂചന :-
1. 29.05.2015-ലെ ഈ ഓഫീസിലെ എ4/2301/15/കോ.വി.വ നമ്പർ ഉത്തരവ്.
2. താങ്കളുടെ 01.06.2015-ലെ അപേക്ഷ.
3. 05.05.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 157/2015/ഉ.വി.വ
4. 06.05.2015-ലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ബി2/45492/2014/കോ.വി.വ അറിയിപ്പ്
5. താങ്കൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ).957/2015-ൽ കോടതി 02.06.2015ന് നൽകിയ ഉത്തരവ്

* * *

സൂചന (1) പ്രകാരം പുറപ്പെടുവിച്ച പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകരുടെ സ്ഥലം മാറ്റ ഉത്തരവിൽ താങ്കളെ മടപ്പള്ളി സർക്കാർ കോളേജിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ നടപടി പുന:പരിശോധിക്കണമെന്നും താങ്കളെ മഹാരാജാസ് കോളേജിൽ തന്നെ തുടരാൻ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് താങ്കൾ സൂചന (2) പ്രകാരം ലഭ്യമാക്കിയ പരാതി 08.06.2015- തീയതിയിൽ ഈ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പരാതി കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ എന്ത് നടപടി എടുത്തു എന്ന് സൂചന 5 പ്രകാരം കോടതി ആരാഞ്ഞിരുന്നു.

മഹാരാജാസ് കോളേജിന് ആട്ടോണൊമസ് പദവി ലഭ്യമായതിനെ തുടർന്ന് ടി കോളേജിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരിൽ അവിടെ തുടരാൻ ആഗ്രഹിക്കുന്നവർ 05.05.2015-ലെ സ.ഉ(എം.എസ്)157/15/ഉ.വി.വ അനുസരിച്ചുള്ള അണ്ടർ ടേക്കിംഗ് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങളും അണ്ടർടേക്കിംഗിന്റെ മാതൃകയും വ്യക്തമാക്കിക്കൊണ്ട് സൂചന 4 പ്രകാരം അറിയിപ്പും നൽകിയിരുന്നു. അണ്ടർടേക്കിംഗ് തരുന്ന / ലഭ്യമാക്കുന്ന അദ്ധ്യാപകർക്ക് മൂന്ന് വർഷം ട്രാൻസ്ഫർ പ്രൊട്ടക്ഷൻ ലഭിക്കുന്നതാണെന്ന് വ്യക്തമാക്കി, അറിയിപ്പ് ഈ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. താങ്കൾ 05.05.2015-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള അണ്ടർടേക്കിംഗ് ലഭ്യമാക്കിയിരുന്നില്ല എന്നതിനാൽ 29.05.2015-ലെ സർക്കാർ കത്ത് നം.16135/സി3/15/ഉ.വി.വ പ്രകാരം താങ്കളെ മടപ്പള്ളി സർക്കാർ കോളേജിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകാൻ സർക്കാർ നിർദ്ദേശിക്കുകയാണുണ്ടായത്.

മഹാരാജാസ് കോളേജിലെ അദ്ധ്യാപകരിൽ പെൻഷൻ ആകുന്നവരുടെ സ്ഥലം മാറ്റ പരിരക്ഷ ഉൾപ്പെടെ എല്ലാ സ്ഥലം മാറ്റ മാനദണ്ഡങ്ങളും 05.05.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്).157/15/ഉ.വി.വയ്ക്ക് വിധേയമായി ആണ് സർക്കാർ നിശ്ചയിച്ചത്. പ്രസ്തുത ഉത്തരവു പ്രകാരവും 06.05.2015-ലെ സൂചന നാലു അറിയിപ്പ് പ്രകാരവും വ്യക്തമാക്കിയിരുന്ന മഹാരാജാസ് കോളേജിലെ സ്വയംഭരണവുമായ് സഹകരിച്ചു പ്രവർത്തിക്കാം എന്ന സമ്മതപത്രം നൽകാത്തതിനാൽ കോളേജിന്റെ സ്വയംഭരണ സംബന്ധിയായ അക്കാദമിക് കാര്യങ്ങളിൽ താങ്കൾ പങ്കെടുക്കുകയില്ല എന്ന് കരുതേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഓട്ടോണൊമസ് കോളേജിന്റെ പ്രവർത്തനം സുഗമമായി മുൻപോട്ട് പോകാൻ കഴിയുകയില്ല. താങ്കളെ പ്രസ്തുത കോളേജിൽ നിലനിർത്തുന്നത് കോളേജ് നടത്തിപ്പിന് പ്രതിബന്ധമുണ്ടാക്കും. ഈ സാഹചര്യത്തിലാണ് താങ്കളെ കോളേജിൽ നിന്ന് സ്ഥലം മാറ്റിയത്. ഈ സാഹചര്യത്തിൽ സമ്മതപത്രം നൽകിയിട്ടില്ലാത്തതിനാൽ പെൻഷൻ ആകുന്നവർക്ക് സ്ഥലം മാറ്റ പരിരക്ഷ നൽകണമെന്ന പൊതുമാനദണ്ഡം മഹാരാജാസ് കോളേജിലെ അദ്ധ്യാപകൻ എന്ന നിലയിൽ താങ്കളുടെ കാര്യത്തിൽ പ്രസക്തമാകുന്നില്ല.

05.05.2015-ലെ സർക്കാർ ഉത്തരവിൽ നാലാം ഖണ്ഡികയിൽ ആട്ടോണൊമസ് കോളേജിൽ നിലവിലുള്ള അദ്ധ്യാപകരിൽ അണ്ടർടേക്കിംഗ് ലഭ്യമാക്കുന്ന അദ്ധ്യാപകർക്ക് ട്രാൻസ്ഫർ പ്രൊട്ടക്ഷൻ മൂന്ന് വർഷത്തേയ്ക്ക് ലഭിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു

0150424

ന്നതിനാലും, ടി വിവരം സംബന്ധിച്ച അറിയിപ്പ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്നതിനാലും താങ്കളുടെ പരാതിയിലെ ഖണ്ഡിക (4) തീർത്തും അടിസ്ഥാനരഹിതമാണെന്ന് കാണുന്നു

സ്ഥലം മാറ്റത്തിന് അപേക്ഷിക്കാത്തതിനാൽ താങ്കൾക്ക് സമ്മതപത്രത്തിന്റെ നിബന്ധന ബാധകമാകുകയില്ല എന്ന വാദം തെറ്റാണ്. മഹാരാജാസ് കോളേജിൽ നിലനിൽക്കുന്നവർ സമ്മതപത്രം നൽകണമെന്ന് 05.05.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്)157/2015/ഉ.വി.വയിൽ വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഈകാര്യം ആവർത്തിച്ചു കൊണ്ടും മഹാരാജാസിൽ നിലനിൽക്കാൻ ആഗ്രഹിക്കുന്നവർ സമർപ്പിക്കേണ്ട സമ്മതപത്രത്തിന്റെ മാതൃക വ്യക്തമാക്കിക്കൊണ്ടും 06.05.2015-ലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ബി2/45492/2014/കോ.വി.വ അറിയിപ്പും നൽകിയിരുന്നു. ഈ സാഹചര്യത്തിൽ താങ്കളുടെ പരാതി പരിഗണിക്കാൻ നിർവ്വാഹമില്ല.

മേൽ തീരുമാനത്തിനെതിരെ എന്തെങ്കിലും സമർപ്പിക്കാനുണ്ടെങ്കിൽ 23.06.2015 രാവിലെ 11 മണിക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ മുമ്പിൽ ഹാജരായി ട്രാൻസ്ഫർ സംബന്ധിച്ച പരാതി നേരിട്ട് ബോധിപ്പിക്കാവുന്നതാണ് എന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

9/6/2015

പി.ജയരാജ്,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

*N.B:- കത്ത് കിട്ടിയിട്ടില്ല എന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനാൽ മെയിൽ ചെയ്തു തരുന്നു. 2015 ജൂൺ 30 വരെയുള്ള ഏതു ദിവസവും മുൻകൂട്ടി അനുവാദം വാങ്ങിയ ശേഷം സമയം നിശ്ചയിച്ച് നേരിൽ പരാതി സമർപ്പിക്കാവുന്നതാണ്.*

23/6/2015

പകർപ്പ്:-
പ്രിൻസിപ്പാൾ,
മഹാരാജാസ് കോളേജ്,
എറണാകുളം

പി.ജി : 10.06.2015